# ഇ- തൂലിക



P J M S G H S S KANDASSANKADAVU

ഡിജിററൽ ലോകത്താണ് നാം ജീവിക്കുന്നത്.ലിററിൽ കൈററ് അംഗങ്ങൾ തയ്യാറാക്കിയ ഈ മാഗസിനിൽകുട്ടികളുടെ കൊച്ചു മനസുകളിൽ നിന്ന് വിടർന്നു വന്ന കഥകളും കവിതകളും ചിത്രങ്ങളുമാണ്. ഞങ്ങളുടെ ചെറിയ സർഗാത്മകത നിങ്ങൾക്ക് സമർപ്പിക്കട്ടെ ........

# ഉള്ളടക്കം


ആമുഖം

വിദ്യാലയ ചരിത്രം

ഫുട് ബോൾ ക്യാമ്പ്-റിപ്പോർട്ട്

കൊറോണ -ലേഖനം

Fabric painting

സംഖ്യകൾ ഉണ്ടാകുന്നത് -ലേഖനം

കഥ-തിരമാല

കവിത-മൃഗമൊഴി

ചരിത്രാന്വേഷണ യാത്രകൾ-റിപ്പോർട്ട്

Digital Painting

കവിത- മഴ

യാത്രാമംഗളങ്ങൾ



ഡിജിറ്റൽ യുഗത്തിലൂടെ കടന്നുപോയികൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ വിദ്യാർത്ഥികളുടെ സർഗാത്മകരചനകൾ ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കിയിരിക്കുകയാണ് ഈ മാഗസീനിലൂടെ . ഈ മാഗസീൻ ഏവർക്കും നല്ലൊരു വായനാനുഭവം സമ്മാനിക്കട്ടെ എന്ന് ആശംസിക്കുന്നു .

പ്രധാനധ്യാപിക
ബീന കെ മേനോൻ

# പി .ജെ. എം .എസ് .ജി .എച് .എസ് .എസ് കണ്ടശ്ശാങ്കടവ്



തോട്ടുങ്കൽ കുടുംബത്തിന്റെ നേതൃത്വത്തിൽ 1906 ജനുവരി 1 ന് ഒരു ലോവർ പ്രൈമറി സ്കൂളായി ആരംഭിച്ചതാണ് കണ്ടശ്ശാങ്കടവ് പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി ഗവ.ഹയർ സെക്കൻഡറി സ്കൂൾ .അധികം വൈകാതെ തന്നെ ഏഴാം ക്ലാസ്സ് വരെയും 1919 ൽ ഹൈസ്കൂൾ വരെയുമുള്ള വിദ്യാലയമായി ഇത് വളർന്നു .ഈ വിദ്യാലയത്തിൽ സ്കോളർഷിപ്പോടുകൂടി പഠിച്ച വിദ്യാർത്ഥിയായിരുന്നു . പിന്നീട് കേരളത്തിന്റെ ആദ്യത്തെ വിദ്യാഭ്യാസമന്ത്രിയായ പ്രൊഫസർ .ജോസഫ് മുണ്ടശ്ശേരി പിന്നീട് കേരളത്തിന്റെ ആരോഗ്യമന്ത്രിയായ വി.എം .സുധീരൻ ഉൾപ്പെടെ നിരവധി പ്രമുഖർ ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ ആയിട്ടുണ്ട് .സ്വകാര്യ കുടുംബം ആരംഭിച്ച സ്കൂൾ പിന്നീട് സർക്കാർ ഏറ്റെടുക്കുകയാണ്




ഉണ്ടായത് .ഒന്നാം ക്ളാസ്സിൽ 3 അണ, രണ്ടാം ക്ളാസിൽ രണ്ട് അണ ,മൂന്നാം ക്ളാസിൽ 9 അണ ,നാലാം ക്ളാസിൽ 12 അണ എന്നിങ്ങനെയായിരുന്നു ഫീസ് നിരക്ക് .തുടങ്ങിയ കാലത് ഈ സ്കൂൾ ഇംഗ്ലീഷ് മീഡിയമായിരുന്നു .നിലവിൽ ഹയർ സെക്കണ്ടറി സംവിധാനം വരെയുള്ള ഒരു മികവുറ്റ സ്കൂളാണ് ഈ സ്കൂൾ .

# SCIENCE FEST 2023-24











# ഫുട്ബോൾ ക്യാമ്പ്






പ്രൊഫസർ.ജോസഫ് മുണ്ടശ്ശേരി ഹയർ സെക്കന്ററി സ്ക്കൂളിൽ ഹൈ സ്ക്കൂൾ യു.പി വിഭാഗം കുട്ടികൾക്കായി എല്ലാ വർഷവും അവധിക്കാല ഫുട്ബോൾ കോച്ചിങ് നടത്തുന്നു.

യു.പി, ഹൈസ്ക്കൂൾ വിഭാഗത്തിൽ നിന്ന് 50ൽ അധികം കുട്ടികൾക്കാണ് ഫുട്ബോൾ കോച്ച് ശ്രീ ശ്രീരാജിന്റെ നേതൃത്തത്തിൽ പരിശീലനം നേടുന്നത്.പരിശീലനത്തിന്റെ ഭാഗമായി സ്ക്കൂൾതല ഫുട്ബോൾ മത്സരം നടത്തുന്നു.കൂടാതെ ഉപജില്ല,സുബ്രതോ,മറ്റു ക്ലബുകൾ നടത്തുന്ന മത്സരങ്ങളിലും ഇവുടുത്തെ കുട്ടികൾ മാറ്റുരക്കുന്നു .



# കൊറോണ

## കൊറോണ വൈറസ് രോഗം 2019



മനുഷ്യരും പക്ഷികളും ഉൾപ്പെടെയുള്ള സസ്തനികളിൽ രോഗം ഉണ്ടാക്കുന്ന ഒരു കൂട്ടം വൈറസുകളാണ് കൊറോണ വൈറസുകൾ( കോവിഡ് 19). ഇവ സാധാരണ ജലദോഷ പനി മുതൽ സിവിയർ അക്യൂട്ട് റെസ്പിറേറ്ററി സിൻഡ്രോം( സാർസ്) മിഡിൽ ഈസ്റ്റ് റെസ്പിറേറ്ററി സിൻഡ്രോം ( മെർസ് ) കോവിഡ് 19 എന്നിവ വരെ ഉണ്ടാക്കാൻ ഇടയാക്കുന്ന ഒരു വലിയ കൂട്ടം വൈറസുകളാണ്.മനുഷ്യൻ ഉൾപ്പെടെയുള്ള സസ്തിനികളുടെ ശ്വാസനാളിയെ ബാധിക്കുന്നു. ജലദോഷം ന്യുമോണിയ സിവിയർ റെസ്പിറേറ്ററി സിൻഡ്രോം ഇവയുമായി ബന്ധപ്പെട്ട ഈ വൈറസ് ഉദരത്തെയും ബാധിക്കാം.

ബ്രോങ്കൈറ്റിസ് ബാധിച്ച പക്ഷികളിൽ നിന്നും 1937 ലാണ് ആദ്യമായി കൊറോണ വൈറസിനെ തിരിച്ചറിഞ്ഞത്.സാധാരണ ജലദോഷത്തിന് 15 മുതൽ 30 ശതമാനം വരെ കാരണം ഈ വൈറസുകളാണ്. കഴിഞ്ഞ 70 വർഷങ്ങളായി കൊറോണ വൈറസ് എലി, പട്ടി ,പൂച്ച ,ടർക്കി, കുതിര ,പന്നി, കന്നുകാലികൾ ഇവയെ ബാധിക്കാം എന്ന് ശാസ്ത്രജ്ഞർ കണ്ടെത്തി. മൃഗങ്ങൾക്കിടയിൽ പൊതുവേ ഇത് കണ്ടുവരുന്നുണ്ട്. നോട്ടിക് എന്നാണ് ഇവയെ ശാസ്ത്രജ്ഞർ വിശേഷിപ്പിക്കുന്നത്. അതായത് ഇത്തരം വൈറസുകൾ മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്ക് പകരുന്നവയാണ് എന്നർത്ഥം.

ഇവ ശ്വാസനാളിയെയാണ് ബാധിക്കുക. ജലദോഷവും അമോണിയയും ഒക്കെയാണ് ഈ വൈറസ് ബാധയുടെ ലക്ഷണങ്ങൾ. രോഗം ഗുരുതരമായ സാർസ് നിമോണിയ വൃക്കസ്തംഭനം എന്നിവയുണ്ടാകും മരണവും സംഭവിക്കാം. ചൈനയിൽ ഇപ്പോൾ കണ്ടെത്തിയിരിക്കുന്നത് ഇവയിൽ നിന്നും അല്പം വ്യത്യസ്തമായ ജനിതകമാറ്റം വന്ന പുതിയ തരം കൊറോണ വൈറസാണ്. സാധാരണ ജലദോഷ പനിയെ പോലെ ശ്വാസകോശനാളിയെയാണ് ഈ രോഗം ബാധിക്കുന്നത്.
മൂക്കൊലിപ്പ് ,ചുമ ,തൊണ്ടവേദന, തലവേദന ,പനി തുടങ്ങിയവയാണ് ലക്ഷണങ്ങൾ. ഇവ ഏതാനും ദിവസങ്ങൾ നീണ്ടു നിൽക്കും. രോഗപ്രതിരോധ വ്യവസ്ഥ ദുർബലമായവരിൽ അതായത് പ്രായമായവരിലും ചെറിയ കുട്ടികളിലും വൈറസ് പിടിമുറുക്കും ഇതുവഴി ബ്രോങ്കൈറ്റിസ് പോലുള്ള ശ്വാസകോശ രോഗങ്ങൾ പിടിപെടും.

ചൈനയിലെ വുഹാനിൽ ആദ്യമായി തിരിച്ചറിഞ്ഞ കൊറോണ വൈറസ് എന്ന നോവൽ മൂലം ഉണ്ടാകുന്ന രോഗത്തിന് കൊറോണ വൈറസ് രോഗം 2019 (കോവിഡ് 19) എന്ന് പേരിട്ട 'co'എന്നത് കൊറോണയെയും' vi' എന്നത് വൈറസിനെയും 'D' എന്നത് രോഗത്തെയും സൂചിപ്പിക്കുന്നു. മുമ്പേ ഈ രോഗത്തെ 2019 നോവൽ കൊറോണ വൈറസ് അല്ലെങ്കിൽ '2019-n cov' എന്നാണ് വിളിച്ചിരുന്നത്.



സിവിയർ അക്യൂട്ട് റെസ്പിറേറ്ററി സിൻഡ്രോം ചിലതരം ജലദോഷം തുടങ്ങിയ വൈറസുകളുടെ അതേ കുടുംബവുമായി ബന്ധപ്പെട്ടിരിക്കുന്ന പുതിയ വൈറസാണ് കോവിഡ് 19 വൈറസ്.

രോഗബാധിതനായ വ്യക്തിയുടെ ശ്വസനതുള്ളികളുമായുള്ള നേരിട്ടുള്ള സമ്പർക്കത്തിലൂടെയും



വൈറസ് ബാധിച്ച പ്രതലങ്ങളിൽ സ്പർശിക്കുന്നതിലൂടെയും വൈറസ് പകരുന്നു. കോവിഡ് 19 വൈറസ് ഉപരിതലത്തിൽ മണിക്കൂറുകളോളം നിലനിൽക്കും, എന്നാൽ ലളിതമായ അണുനാശിനികൾ അതിനെ നശിപ്പിക്കും.

പനി ചുമ ശ്വാസതടസം തുടങ്ങിയവയാണ് ലക്ഷണങ്ങൾ കൂടുതൽ കഠിനമായ കേസുകളിൽ അണുബാധ നിമോണിയ അല്ലെങ്കിൽ ശ്വാസ ബുദ്ധിമുട്ടുകൾ ഉണ്ടാക്കാം കൂടുതൽ അപൂർവ്വമായ രോഗം മാരകമായേക്കാം.

ഈ ലക്ഷണങ്ങൾ ഫ്ലൂ അല്ലെങ്കിൽ ജലദോഷത്തിന് സമാനമാണ് ഇത് കോവിഡ് 19 നേക്കാൾ വളരെ സാധാരണമാണ് അതുകൊണ്ടാണ് ആർക്കെങ്കിലും കോവിഡ് 19 ഉണ്ടായിരുന്നു എന്ന് സ്ഥിരീകരിക്കാൻ പരിശോധന ആവശ്യമായി വരുന്നത്. പ്രധാന പരിശോധന നടപടികൾ ഒന്നുതന്നെയാണ് ഓർമിക്കേണ്ടത് പ്രധാനമാണ്,ഇടയ്ക്കിടെ കൈ കഴുകൽ ശ്വസന ശുചിത്വം നിങ്ങളുടെ ചുമയോ തുമ്മലോ ഒരു വളഞ്ഞ കൈമുട്ട് അല്ലെങ്കിൽ ടിഷ്യു ഉപയോഗിച്ച് മൂടുക തുടർന്ന് ടിഷ്യു അടച്ച് ബിന്നിലേക്ക് വലിച്ചെറിയുക.

കൊറോണ വൈറസ് കാരണം പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ കീഴിലുള്ള ഇന്ത്യൻ സർക്കാർ 2020 മാർച്ച് 23 21 ദിവസത്തേക്ക് രാജവ്യാപകമായി ലോക്ക് ഡൗൺ പ്രഖ്യാപിച്ചു. തൽഫലമായി ഇന്ത്യയിൽ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും മിക്കവാറും എല്ലാ വാണിജ്യ സ്ഥാപനങ്ങളും അടച്ചുപൂട്ടേണ്ടി വന്നു. അന്താരാഷ്ട്ര അന്തർ സംസ്ഥാന യാത്രകൾ നിരോധിച്ചു. സ്ഥിതീകരിച്ച കേസുകളിൽ ഭൂരിഭാഗവും മറ്റ് രാജ്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ എല്ലാ ടൂറിസ്റ്റ് യാത്രകളും ഇന്ത്യ താൽക്കാലികമായി നിർത്തി വെച്ചു. ചികിത്സയെക്കാൾ നല്ലത് പ്രതിരോധമാണ് ക്ഷമയോടെ കാത്തിരിക്കുകയും ആവശ്യമായ മുൻകരുതലകൾ എടുക്കുകയും ചെയ്താൽ നമുക്ക് ഇത് ഇല്ലാതാക്കാം. നമ്മുടെ അശ്രദ്ധമൂല നിരപരാധികളുടെ ജീവൻ എന്തിന് അപകടത്തിലാക്കണം?.



# FABRIC PAINTING






VISWANTH PV
STD : X

# സംഖ്യകൾ ഉണ്ടാക്കുന്നത്

എന്തിനെയും അളന്ന സംഖ്യആക്കുക. ഈ സംഖ്യകളുടെയും അവയുടെ പരസ്പര ബന്ധങ്ങളിലൂടെയും ലോകത്തെ മനസ്സിലാകാൻ ശ്രമിക്കുക.ഇതാണ് ഗണിതത്തിന്റെ ഒരു പ്രധാന ധർമം അളക്കപെടുന്ന വസ്തുവിന്റെ സ്വപാവം മാറുന്നതിനനുസരിച് വ്യത്യസ്ത തരത്തിലുള്ള സംഖ്യകൾ ഉണ്ടാകേണ്ടി വരും. പ്രകൃതിയിൽ നിന്ന് നേരിട്ട് കിട്ടുന്നത് മാത്രം ഭക്ഷിച്ചു നടന്നിരുന്ന കാലത് മനുഷ്യന് കൂട്ടത്തിലെ ആളുകളുടെ എണ്ണം വളർത്തുന്ന കന്നുകാലികളുടെ




എണ്ണം തുടങ്ങിയവ മാത്രമേ ആവിശ്യമായിരുന്നൊള്ളു.അക്കാലത്തു എണ്ണൽ സംഖ്യകൾ മാത്രം മതിയായിരുന്നു ബി.സി അയ്യായിരത്തോടടുപ്പിച്,നദിതീരങ്ങളിൽ സ്ഥിരമായി താമസിച്ചുകൊണ്ട് മനുഷ്യർ വ്യാപകമായ കൃഷി തുടങ്ങിയതോടെ കൃഷിയിടങ്ങൾ തിട്ടപ്പെടുത്താനും പാർപ്പിടങ്ങൾ പണിയാനുമെല്ലാം പലതരത്തിലുള്ള നീളവും പരപ്പുമെല്ലാം ആളാകേണ്ടതായി വന്നു.ഇക്കാലത്താണ് ഭിന്നസംഖ്യകൾ എന്ന സങ്കേതം ഉണ്ടായത്.പങ്കുവെക്കുമ്പോഴും ഭിന്നസംഖ്യകൾ കൊണ്ട് സൂചിപ്പിക്കാൻ കഴിയില്ല എന്ന തിരിച്ചറിവില്നിന്നാണ് പുതിയതരം സംഖ്യകൾ ആവശ്യമായി വന്നത്. പില്കാലത് ഭൗതികമായ ആവിശ്യങ്ങൾക്കല്ലാതെ ഗണിതത്തിന്റെ തന്നെ സൗകര്യങ്ങൾക്കായും പുതിയ തരം സംഖ്യകൾ ഉണ്ടാക്കപെട്ടു.ന്യൂന്യസംഖ്യകൾ,സന്ഗീർണ സംഖ്യകൾ എന്നിവ ഇങ്ങനെ ഉണ്ടായവയാണ്.ഇത്തരം സംഖ്യകൾ പോലും ഊർജ്ജതന്ത്രം പോലുള്ള മറ്റു ശാസ്ത്രങ്ങളിൽ വളരെ അതികം ഉപയോഗിക്കപ്പെടുന്നുണ്ട് എന്നത് മറ്റൊരു കാര്യം.

# തിരമാല

അച്ചൻ തികഞ്ഞ മദ്യപാനിയാണ് എങ്കിലും അമ്മയെയും ഞങ്ങളേയും നന്നായി നോക്കും . ഞങ്ങളുടെ വീട്ടിൽ വല്ലപ്പോഴും വരുന്ന അതിഥിയാണ് കല്യാണക്കുട്ടിയമ്മ .നട്ടെല്ല് വളഞ്ഞ വില്ലുപോലെയുള്ള ആ വൃദ്ധ വീട്ടിലേക്ക് വരുന്നത് ഞാൻ അതിശയത്തോടെ നോക്കികാണാറുണ്ട്.വന്നു കഴിഞ്ഞാൽ ഒരു ചായ ഉറപ്പാണ്.അതു കഴിഞ്ഞാൽ ഉച്ചക്കത്തെ ഊണും വൈകിട്ടത്തെ കാപ്പിയും കുടിച്ചാണ് പോകാറുള്ളത്.

താഴ്ന്ന സമുദായത്തിൽപ്പെട്ട ഞങ്ങളുടെ വീട്ടിൽ നിന്നും ഭക്ഷണം കഴിക്കുന്ന ഏക മുന്തിയ സമുദായക്കാരിയും അവരാണ്.
ഇന്ന് അവർ വന്ന് ചായ കുടിച്ചുകൊണ്ടിരിക്കുമ്പോൾ എന്തെല്ലാമൊക്കെയോ എണ്ണിപ്പെറുക്കി പറയുകയും കരയുകയും ചെയ്യുന്നുണ്ട്.ഇതെല്ലാം കേട്ട് അമ്മ വിഷമത്തോടെ അടുത്ത് നിൽക്കുന്നു.ഞാൻ അവരുടെ അടുത്ത് ചെന്ന് കാര്യം തിരക്കിയപ്പോൾ
അമ്മ കണ്ണുകൾ കൊണ്ട് ആംഗ്യം കാണിച്ചു.പിന്നെ പറഞ്ഞു തരാമെന്ന ഭാവത്തിൽ

പിന്നെഉച്ചയ്ക്ക് ഊണ് കഴിക്കുമ്പോൾ അവരുടെ കൺതടത്തിൽ നനവ് കറിയിലെ എരിവ് കൊണ്ടല്ലെന്ന് എനിക്ക് മനസ്സിലായി.വൈകിട്ട് അവർ പോയിക്കഴിഞ്ഞാൽ കിടക്കാൻ നേരമാണ് അമ്മ അവരുടെ കഥ പറഞ്ഞിരുന്നത് .അവർക്ക് എട്ടു മക്കളും ധാരാളം പേരക്കുട്ടികളും ഉണ്ട് .അകാലത്തിൽ ഭർത്താവ് മരിച്ച അവർ മക്കളെ വളർത്തിയെടുക്കാൻ നന്നായി പാടുന്ന എന്നാൽ വാർദ്ധക്യത്തിൽ സ്നേഹത്തോടെ അവരെ പരിപാലിക്കാൻ ഭക്ഷണം കൊടുക്കാനോ ആരും തന്നെയില്ല .ഇന്നലെ 36 വയസ്സുള്ള പേരക്കുട്ടി87 വയസ്സുള്ള അവരെ മർദ്ദിക്കുകയും തള്ളിയിടുകയും ചെയ്തതിന്റെ പാടുകളും മുറിവുകളും ആണ് അവർ അമ്മയെ
കാണിച്ചുകൊടുത്തത് .

ഒരുനേരത്തെ സ്നേഹത്തോടെയുള്ള ഭക്ഷണം കഴിക്കാനും മനസ്സുതുറന്നു സംസാരിക്കാനും വേണ്ടിയാണ്
അവർ ഞങ്ങളുടെ വീട്ടിൽ വരുന്നത് .മനസ്സിലെ വിഷമം കാരണം വൈകിയാണ് ഉറങ്ങാൻ കഴിഞ്ഞത് .പ്രായമായ അച്ഛനെയും അമ്മയെയും പൊന്നോമനകളെ പോലെ താലോലിക്കുന്ന മുതിർന്ന എന്നെത്തന്നെയാണ് ഞാൻ സ്വപ്നത്തിൽ കണ്ടത് .

സാരംഗ് കെ
Std:Ix

# മൃഗമൊഴി

ഹേ മർത്യാ ഇനിയെത്ര നാൾ
നിൻ ചെയ്തികളാൽ നശിച്ചിടും ഈ ധരണിയിൽ
ഇനിയെത്ര നാൾ?

കാടും മലയും കടന്നു നീ എത്തിയ നാൾ മുതൽ ഒടുങ്ങി സ്വൈര്യജീവിതം ഞങ്ങളുടെ

നിൻ ആവാസവ്യവസ്ഥയിൽ
കടന്നുവന്നതല്ല ഞങ്ങൾ
നാടുമുടിച്ച് ഇപ്പോൾ കാടുകയറി നിങ്ങൾ

ഇനിയെങ്ങോട്ട്?അത്യാഗ്രഹങ്ങൾ നിറഞ്ഞ മനസ്സുമായി ഇനി എങ്ങോട്ട്?

നിന്നെ സൃഷ്ടിച്ച പ്രകൃതി തന്നെ നിൻ ഒടുക്കവും ഒരുക്കിയിരിക്കുന്നു

ഹേ! ബുദ്ധിജീവി ചമയുന്ന വിഡ്ഢികളേ..
നിങ്ങൾക്കെന്തേ പ്രകൃതിനിയമങ്ങൾ  മനസ്സിലാക്കുവാൻ കഴിയാതെ പോയത്?

നിങ്ങൾക്ക് മാത്രമായി ഒരു ഭൂമിയുണ്ടോ?
നിങ്ങൾ മാത്രമായാൽ ഭൂമിയുണ്ടോ ?
പരസ്പരാശ്രയ കണ്ണികൾ മുറിഞ്ഞു പോയാൽ
നിൻ അറുതിയും നിശ്ചയം മനുജാ

ഇനിയെങ്കിലും ഉണരൂ
ജീവിക്കൂ..ജീവിക്കാൻ അനുവദിക്കൂ...

ദേവനന്ദ. പി. ബി
VIII B

# സമേതം - ചരിത്രനന്വേഷണയാത്രകൾ

സമേതം സമഗ്രവിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി നടന്ന പഞ്ചായത്ത് തല ചരിത്രനന്വേഷണയാത്രകളുടെ അവതരണം പി.ജെ .എം .സ് .ജി .എച് .എസ് .എസ്  ൽ വെച് നടന്നു . തൃശൂർ ജില്ലാപഞ്ചായത് ,പൊതുവിദ്യാഭ്യാസവകുപ്പ് ,സ്കൂൾ സാമൂഹ്യശാസ്ത്രകൗൺസിൽ എന്നിവയാണ് ഈ പരുപാടി സംഘടിപ്പിച്ചത് . മണലൂർ ഗ്രാമപഞ്ചായത്തിലെ പത്തോളം വിദ്യാലയങ്ങൾ ഈ പരുപാടിയിൽ പങ്കെടുത്തു ഉദഘാടനവും എച് .എം അധ്യക്ഷത വഹിച്ച പരുപാടി പി .ടി .എ .പ്രസിഡന്റ് ഉദഘാടനം നടത്തി .പരുപാടിയിൽ 1സ്റ്റ്







Joyal Joseph T J
Std: IX A

# മഴ ഒരു നനുത്ത ഓർമ്മ

പെയ്തൊഴിയാൻ വെമ്പി നിൽക്കുന്നു നീ.........
മനസ്സിൽ പെയ്തൊഴിയാത്ത ഓർമയായി .........
ഇനിയൊരു ജന്മമുണ്ടാകുമോ........
ഒരിക്കലും പെയ്തുതീരാത്ത മഴയായ് .

# മഴ

അനുഭൂതിയാണ് വർണവും ,വസന്തവും
വിരഹവും , വിഷാദവും ചാലിച് .........
പോയകാലത്തിന്റെ നേരിയ ചാലിൽ നിന്ന് ........
നാളയുടെ ആഴക്കടലിലേക്ക് ഇറ്റുവീഴുന്ന
അനശ്വരമായ അനുഭൂതിയുടേ നില്കയാത്ത ധാരയായ്





# യാത്രാമംഗളങ്ങൾ

പഠിപ്പിക്കുന്ന രീതിയും

പകർന്ന് നൽകുന്ന

സ്നേഹവും

പ്രതീക്ഷ നൽകിയുള്ള

കരുതലുമാണ്

ഞങ്ങളുടെ മനസ്സുകങ്ങളിൽ

ഒരിക്കലും മറക്കാത്ത

മികച്ച നല്ല

അധ്യാപികമാരായ

ഷീല ടീച്ചർക്കും

വത്സല ടീച്ചർക്കും

സ്നേഹത്തോടെ

നേരുന്ന യാത്രാമംഗളങ്ങൾ

# THANKS